ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15-12-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ മുഖ്യ വിവരാവകാശ കമ്മീഷണറായി രാജ് കുമാർ ഗോയൽ സത്യപ്രതിജ്ഞ ചെയ്തു. രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു.

   **Raj Kumar Goel Sworn in as Chief Information Commissioner; President Droupadi Murmu Administers Oath.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജോർദാൻ , എത്യോപ്യ, ഒമാൻ സന്ദർശനത്തിന് തുടക്കമായി; ഇന്ത്യയുമായി വിപുലമായ ഉഭയകക്ഷി ബന്ധം പങ്കിടുന്ന മൂന്ന് രാഷ്ട്രങ്ങളിലേക്കുള്ള സന്ദർശനത്തെ ഏറെ പ്രതീക്ഷയോടെ കാണുന്നതായി പ്രധാനമന്ത്രി.

   **PM Narendra Modi Begins Visit to Jordan, Ethiopia and Oman; Expresses Optimism Over Strengthening Bilateral Ties.**

3. ശീതകാല സമ്മേളനം നടക്കുന്ന പാർലമെൻറിന്റെ ഇരുസഭകളിലും ബഹളത്തെ തുടർന്ന് നടപടികൾ തടസ്സപ്പെട്ടു. ലോക്സഭ രണ്ടു മണി വരെ നിർത്തിവച്ചു. ശബരിമല സ്വർണപ്പാളി കേസ് കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് പാർലമെന്റിനു പുറത്ത് യുഡിഎഫ് എം.പിമാർ പ്രതിഷേധിച്ചു.

   **Proceedings in Both Houses of Parliament Disrupted Due to Uproar During Winter Session; Lok Sabha Adjourned Till 2 PM; UDF MPs Protest Outside Parliament Demanding Central Agency Probe into Sabarimala Gold Case.**

4. **കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി കണ്ടെത്താൻ കഴിയാത്ത 25 ലക്ഷം പേരുടെ പട്ടിക പ്രസിദ്ധീകരിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.**

   **Kerala to Publish List of 25 Lakh Untraceable Voters as Part of Special Intensive Revision, Says Chief Electoral Officer.**

5. **ഓസ്ട്രേലിയയിലെ ബീച്ച് വെടിവയ്പ്പിൽ മരിച്ചവരുടെ എണ്ണം 16 ആയി; വെടിവയ്പ്പ് നടത്തിയത് പാകിസ്ഥാനിൽ നിന്നുള്ള അച്ഛനും മകനുമെന്ന് ന്യൂ സൗത്ത് വെയിൽസ് പോലീസ്.**

   **Death Toll in Australia Beach Shooting Rises to 16; New South Wales Police Identify Father–Son Duo as Shooters.**

6. **സ്ക്വാഷ് ലോകകപ്പിൽ കന്നി കിരീടം നേടി ചരിത്രം കുറിച്ച ഇന്ത്യൻ സംഘത്തെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.**

   **PM Narendra Modi Congratulates Indian Team for Making History by Winning Maiden Title at Squash World Cup.**

☸☸☸☸☸☸☸☸☸☸☸☸

## INFORMATION COMMISSIONER

രാജ്യത്തെ മുഖ്യ വിവരാവകാശ കമ്മീഷണറായി രാജ് കുമാർ ഗോയൽ ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു. നീതിന്യായ വകുപ്പ് സെക്രട്ടറിയായി വിരമിച്ച ശ്രീ രാജ് കുമാർ ഗോയൽ ജമ്മു കശ്മീരിലും സുപ്രധാന സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸

## PM- THREE NATION VISIT(INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ത്രിരാഷ്ട്ര സന്ദർശനത്തിന് തുടക്കമായി. ജോർദാൻ, എത്യോപ്യ, ഒമാൻ എന്നീ രാജ്യങ്ങളാണ് പ്രധാനമന്ത്രി സന്ദർശിക്കുക. ഇന്ത്യയുമായി പുരാതനമായ നാഗരിക ബന്ധവും വിപുല മായ ഉഭയകക്ഷി സഹകരണവും പങ്കിടുന്ന മൂന്ന് രാഷ്ട്രങ്ങളിലേക്കുള്ള സന്ദർശനത്തെ ഏറെ പ്രതീക്ഷയോടെ കാണുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

വിശദാംശങ്ങളിലേക്ക്...
(വോയ്സ് കാസ്റ്റ്)

☸☸☸☸☸☸☸☸☸☸☸☸

## PARLIAMENT GENERAL

ശീതകാല സമ്മേളനം നടക്കുന്ന പാർലമെൻറിൽ ബഹളത്തെ തുടർന്ന് നടപടികൾ തടസ്സപ്പെട്ടു. പ്രധാനമന്ത്രി നരേന്ദ്രമോദിക്കെതിരായ കോൺഗ്രസ് പരാമർശത്തിൽ മാപ്പ് പറയണമെന്ന് കേന്ദ്രമന്ത്രിമാരും മറ്റ് ബിജെപി അംഗങ്ങളും ആവശ്യപ്പെട്ടു. 12 മണി വരെ നിർത്തിവച്ച ഇരുസഭ കളും പുനരാരംഭിച്ചെങ്കിലും ബഹളം തുടർന്നതോടെ ലോക്സഭ രണ്ടു മണി വരെ നിർത്തിവച്ചു. തിരഞ്ഞെടുപ്പ് പരിഷ്കരണങ്ങൾ സംബന്ധിച്ച ചർച്ച രാജ്യസഭയിൽ ഇന്നും തുടരും. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് ലോക്സഭയിൽ ധനവിനിയോഗ ബിൽ അവതരിപ്പിക്കും.

☸☸☸☸☸☸☸☸☸☸☸☸

## RIJIJU - CONGRESS(INTRO)

ന്യൂഡൽഹിയിൽ ഇന്നലെ നടന്ന കോൺഗ്രസ് റാലിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരെ ഉയർന്ന ആക്ഷേപകരമായ മുദ്രാവാക്യങ്ങളെ അപലപിച്ച് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെയും പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും മാപ്പ് പറയണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. വിഭിന്ന പാർട്ടി കളിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങൾ ശത്രുക്കളല്ലെന്നും ജനങ്ങൾ തിരഞ്ഞെടുത്ത പ്രതിനിധികളാണെന്നും ശ്രീ റിജിജു ലോക്സഭയിൽ പറഞ്ഞു.
(വോയിസ്....)

☸☸☸☸☸☸☸☸☸☸☸☸

## SABARIMALA- MP

ശബരിമല സ്വർണപ്പാളി ക്രമക്കേട് കേസ് ഉന്നയിച്ച് യുഡിഎഫ് എം.പിമാർ പാർലമെൻറിന് പുറത്ത് പ്രതിഷേധിച്ചു. വിഷയം കോടതി മേൽനോട്ടത്തിൽ കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന് എംപിമാർ ആവശ്യപ്പെട്ടു. അതിനിടെ, കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ എക്സിക്യൂട്ടീവ് ഓഫീസർ സുധീഷ് കുമാറിൻറെ ജാമ്യാപേക്ഷ കൊല്ലം വിജിലൻസ് കോടതി തള്ളി.

റിമാൻഡിലായിരുന്ന ഉണ്ണികൃഷ്ണൻ പോറ്റിയേയും, മുരാരി ബാബുവിനെയും 2 ദിവസത്തേക്ക് പ്രത്യേക അന്വേഷണ സംഘത്തിന്റെ കസ്റ്റഡിയിൽ വിട്ടു.

## SABARIMALA

മണ്ഡല മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് ശബരിമല - സന്നിധാനത്ത് തിരക്ക് തുടരുന്നു. ഈ മാസം 23 ന്ആറന്മുളയിൽ നിന്ന് സന്നിധാനത്തേയ്ക്ക് തങ്കയങ്കിഘോഷയാത്ര ആരംഭിക്കും. 27ന് മണ്ഡലപൂജ നടക്കും. അടുത്തമാസം 14നാണ് മകരവിളക്ക് മഹോത്സവം.

## SIR KERALA

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി ഇനിയും കണ്ടെത്താനുള്ള 25 ലക്ഷം പേരുടെ വിശദമായ പട്ടിക ജില്ലാ അടിസ്ഥാന ത്തിൽ പ്രസിദ്ധീകരിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. എസ്.ഐ.ആർ സംബന്ധിച്ച രാഷ്ട്രീയ പാർട്ടികളുടെ യോഗ ത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് വിതരണം ചെയ്ത ഫോമുകളുടെ 99.71 ശതമാനം ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്.

## ELECTION COMMISSION

തദ്ദേശ തിരഞ്ഞെടുപ്പിൽ സ്ഥാനാർഥികളും രാഷ്ട്രീയപാർട്ടികളും പൊതു സ്ഥലങ്ങളിൽ സ്ഥാപിച്ച പ്രചാരണ സാമഗ്രികൾ ഉടൻ നീക്കം ചെയ്യണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ. അല്ലാത്തപക്ഷം, തദ്ദേശസ്ഥാപന ങ്ങൾ ഇവ നീക്കം ചെയ്ത്, സ്ഥാനാർഥികളുടെ തിരഞ്ഞെടുപ്പ് ചെലവിൽ ഉൾപ്പെടുത്തുമെന്നും കമ്മീഷണർ അറിയിച്ചു. കേരളത്തിൽ മാതൃകാ പെരുമാറ്റച്ചട്ടം ഈ മാസം 18 വരെ തുടരും.

## LSG DISCUSSIONS

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ പുതിയ ഭരണസമിതികളുടെ സത്യപ്രതിജ്ഞ ഈ മാസം 21ന് നടക്കും. കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും ഉൾപ്പെടെ അധ്യക്ഷ- ഉപാധ്യക്ഷ സ്ഥാനങ്ങളിലേക്കുള്ളവരെ തീരുമാനിക്കാൻ മുന്നണികളുടെ കൂടിയാലോചനകൾ തുടരുകയാണ്.

☸☸☸☸☸☸☸☸☸☸☸☸

## JAISHANKAR-UAE

അബുദാബിയിൽ നടക്കുന്ന 16-ാമത് ജോയിന്റ് കമ്മിഷൻ ആന്റ് സ്ട്രാറ്റജിക്ക് ഡയലോഗിൽ യുഎഇ വിദേശകാര്യ മന്ത്രി ഷെയ്ഖ് അബ്ദുല്ല ബിൻ സായിദ് അൽ നഹ്യാനോടൊപ്പം വിദേശകാര്യമന്ത്രി എസ് ജയശങ്കർ സഹ അധ്യക്ഷത വഹിക്കും. സമ്മേളനത്തിന് ശേഷം ശ്രീ ജയശങ്കർ ഇസ്രായേൽ സന്ദർശിക്കും.

☸☸☸☸☸☸☸☸☸☸☸☸

## DAY AUSTRALIA SHOOTING

ഓസ്ട്രേലിയയിലെ സിഡ്നിയിൽ വെടിവയ്പ്പ് നടത്തിയവരെ തിരിച്ചറിഞ്ഞു. പാകിസ്ഥാനിലെ ലാഹോറിൽ നിന്നുള്ള അച്ഛനും മകനുമാണ് ബോണ്ടി ബീച്ചിൽ ആക്രമണം നടത്തിയതെന്ന് ന്യൂ സൗത്ത് വെയിൽസ് പോലീസ് പറഞ്ഞു. ആക്രമണത്തിനിടെ പോലീസ് വെടിയേറ്റ് സാജിദ് അക്രം കൊല്ലപ്പെട്ടു. മകൻ നവീദ് അക്രം പരിക്കേറ്റ് ചികിത്സയിലാണ്. അതേസമയം, വെടിവയ്പ്പിൽ മരിച്ചവരുടെ എണ്ണം 16 ആയി.

☸☸☸☸☸☸☸☸☸☸☸☸

## ANNOUNCEMENT

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം ഇന്നു മുതൽ രണ്ടു പുതിയ പ്രത്യേക വാർത്താബുള്ളറ്റിനുകൾ കൂടി പ്രക്ഷേപണം ചെയ്യുന്നു. രാവിലെ 11 മണിക്കും വൈകിട്ട് മൂന്ന് മണിക്കും അഞ്ച് മിനിറ്റ് ദൈർഘ്യമുള്ള ബുള്ളറ്റിനുകളാണ് പ്രക്ഷേപണം ചെയ്യുക. കൂടാതെ, രാത്രി 8.35 നുള്ള പ്രത്യേക വാർത്താ ബുള്ളറ്റിൻ ഇനി മുതൽ 10 മിനിറ്റായിരിക്കും.

☸☸☸☸☸☸☸☸☸☸☸☸

## PM-PATEL

സർദാർ വല്ലഭായ് പട്ടേലിന്റെ 75 ാാം ചരമവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ എന്നിവരും സർദാർ പട്ടേലിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു.

## PM BARUAH

അസമിൽ നിന്നുള്ള മുതിർന്ന പത്രപ്രവർത്തകനും സാഹിത്യകാരനുമായ പ്രഫുല്ല ഗോവിന്ദ ബറുവയുടെ വിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി. അസമിന്റെ പുരോഗതിയ്ക്കും മാധ്യമ ലോക ത്തിനും പ്രഫുല്ല ഗോവിന്ദ ബറുവ നൽകിയ സംഭാവനകൾ വിസ്മരിക്കാനാ കില്ലെന്ന് പ്രധാനമന്ത്രി പറഞ്ഞു.

## PM-SQUASH

സ്ക്വാഷ് ലോകകപ്പിൽ കന്നി കിരീടം നേടി ചരിത്രം കുറിച്ച ഇന്ത്യൻ സംഘത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ജോഷ്ന ചിന്നപ്പ, അഭയ് സിംഗ്, വേലവൻ സെന്തിൽ കുമാർ, അനാഹത് സിംഗ് എന്നിവരുടെ അസാമാന്യ പ്രകടനത്തെ അദ്ദേഹം പ്രശംസിച്ചു. സ്ക്വാഷ് ലോകകപ്പ് ഫൈനലിൽ ടോപ് സീഡായ ഹോങ്കോങ്ങിനെയാണ് ഇന്ത്യ പരാജയപ്പെടുത്തിയത്.

## DELHI AIRPORT-ADVISORY

കനത്ത മൂടൽമഞ്ഞ് ഡൽഹി വിമാനത്താവളത്തിൽ നിന്നുള്ള സർവീസുകളെ ബാധിച്ചതായി വിമാനത്താവള അധികൃതർ അറിയിച്ചു. സർവീസുകളിൽ കാലതാമസമുണ്ടാകാനും റദ്ദാക്കാനും സാധ്യതയുണ്ട്. സുഗമമായ യാത്ര ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചതായും വിമാനത്താവള അധികൃതർ പറഞ്ഞു. യാത്രക്കാർ വിമാനക്കമ്പനികളുടെ അറിയിപ്പുകൾ ശ്രദ്ധിക്കണമെന്നും നിർദേശമുണ്ട്.

## SENSEX/GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 98 പോയിൻറ് ഇടിഞ്ഞ് 85,021ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 38 പോയിൻറ് നഷ്ടത്തിൽ 25,967 ലും വ്യാപാരം തുടരുന്നു.

സ്വർണവില കൂടി. പവന് 600 രൂപ വർധിച്ച് 98,800 രൂപയും ഗ്രാമിന് 12,350 രൂപയുമാണ് ഇന്നത്തെ വില.

## INDIA-UN

റിയാദിൽ നടന്ന 11-ാമത് ഐക്യരാഷ്ട്രസഭ UNAOC ഫോറത്തിൽ വസുധൈവ കുടുംബകം, മതസൗഹാർദ്ദം എന്നീ ആശയങ്ങളുടെ പ്രാധാന്യം എടുത്തു പറഞ്ഞ് ഇന്ത്യ. വിദേശകാര്യ മന്ത്രാലയം സെക്രട്ടറി പി കുമരനാണ് ഇന്ത്യൻ സംഘത്തെ നയിച്ചത്. എല്ലാ വിശ്വാസങ്ങളോടും തുല്യ ബഹുമാനം പുലർത്തുന്ന ഇന്ത്യയുടെ നാഗരിക പൈതൃകം, സാംസ്കാരിക വൈവിധ്യം എന്നിവയും അദ്ദേഹം പരാമർശിച്ചു.

## MESSI TOUR-DELHI

ഇന്ത്യൻ പര്യടനത്തിൻറെ ഭാഗമായി ഫുട്ബോൾ ഇതിഹാസം അർജന്റീനയുടെ ലയണൽ മെസ്സി ഇന്ന് ഡൽഹിയിൽ. ഉച്ചയ്ക്ക് ഒരു മണി മുതൽ നാല് മണി വരെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മെസി എത്തുന്നത്. സന്ദർശനത്തിൻറെ ഭാഗമായി ഡൽഹിയിൽ ഗതാഗത നിയന്ത്രണങ്ങൾ ശക്തമാക്കി.